I/22794/2024

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം -695033

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ നടപടിക്രമം**

(ഹാജർ: ബി.സുരേന്ദ്രൻ പിള്ള)

| | |
|---|---|
| വിഷയം:- | സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും വോട്ടർപട്ടികയുടെ സംക്ഷിപ്ത പുതുക്കൽ 2024 – ഉപതിരഞ്ഞെടുപ്പ് നടക്കുന്നവ ഉൾപ്പെടെയുള്ള വാർഡുകളിൽ വോട്ടർപട്ടിക പുതുക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു. |
| പരമാർശം:- | കമ്മീഷന്റെ 12.08.2023 ലെ ബി1/199/2022/സം.തി.ക നമ്പർ ഉത്തരവ്. |

ഉത്തരവ് നം. B2/99/2024-SEC തീയതി: **28-05-2024**

**ഉത്തരവ്**

സംസ്ഥാനത്തെ, ഉപതിരഞ്ഞെടുപ്പുകൾ നടക്കുന്ന 49 വാർഡുകൾ ഉൾപ്പെടെ, മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും വാർഡ് അടിസ്ഥാനത്തിലുള്ള വോട്ടർ പട്ടികയുടെ സംക്ഷിപ്ത പുതുക്കൽ ( Summary Revision) 2024 ജൂൺ മാസത്തിൽ നടത്താൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചിരിക്കുകയാണ് . 2024 ജനുവരി 1 യോഗ്യത തീയതിയായി നിശ്ചയിച്ചാണ് ഇപ്രകാരം വോട്ടർ പട്ടിക പുതുക്കുന്നത്.

ഉപതിരഞ്ഞെടുപ്പുകൾ നടക്കുന്ന 49 വാർഡുകളിൽ അംഗങ്ങളുടെ/ കൗൺസിലർമാരുടെ നിലവിലുള്ള ആകസ്മിക ഒഴിവുകൾ നികത്തുന്നതിനാണ് പ്രസ്തുത വാർഡുകളിലെ വോട്ടർ പട്ടിക പുതുക്കുന്നത്. (ഉപതിരഞ്ഞെടുപ്പുകൾ നടക്കുന്ന വാർഡുകളുടെ വിവരം ചുവടെ പട്ടികയിൽ ചേർത്തിരിക്കുന്നു.)

2023 സെപ്റ്റംബർ- ഒക്ടോബർ മാസങ്ങളിൽ, 2023 ജനുവരി 1 യോഗ്യത തീയതിയായി നിശ്ചയിച്ച് പരാമർശം ഉത്തരവ് പ്രകാരം കമ്മീഷൻ സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും വോട്ടർ പട്ടിക പുതുക്കിയിരുന്നു. അതിനു ശേഷം ഉപതിരഞ്ഞെടുപ്പ് നടന്ന വാർഡുകളിൽ പ്രസ്തുത ആവശ്യത്തിനും വോട്ടർ പട്ടിക പുതിക്കിയിരുന്നു. മേൽ പ്രകാരം വാർഡുകളിൽ ഇപ്പോൾ നിലവിലുള്ള വോട്ടർ പട്ടിക കരടായി പ്രസിദ്ധികരിച്ചാണ് വോട്ടർ പട്ടികയുടെ നിർദ്ദിഷ്ട പുതുക്കൽ നടത്തേണ്ടത്.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 22(2)(ബി) വകുപ്പും 1994 കേരള മുനിസിപ്പാലിറ്റി ആക്ടിലെ 78(2)(ബി) വകുപ്പും 1994 ലെ സമ്മതിദായകരുടെ രജിസ്ട്രേഷൻ ചട്ടങ്ങളിലെ 7 മുതൽ 22 വരെയുള്ള ചട്ടങ്ങളും പ്രകാരമാണ് എല്ലാ വാർഡുകളിലേയും സംക്ഷിപ്ത പുതുക്കൽ നടത്തേണ്ടത്.

മേൽ വിവരിച്ച സാഹചര്യത്തിൽ, സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിലെ 15962 വാർഡുകളിലെയും 87 മുനിസിപ്പൽ കൗൺസിലുകളിലെ 3113 വാർഡുകളിലെയും 6 മുനിസിപ്പൽ കോർപ്പറേഷനുകളിലെ 416 വാർഡുകളിലെയും നിലവിലെ വോട്ടർ പട്ടിക അടിസ്ഥാനമാക്കിയും 2024 ജനുവരി 1 യോഗ്യത തീയതിയായി നിശ്ചയിച്ചും കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട്, സമ്മതിദായകരുടെ രജിസ്ട്രേഷൻ ചട്ടങ്ങൾ എന്നിവയിലെ പ്രസക്ത വ്യവസ്ഥകൾക്കും അനുബന്ധമായി ചേർത്തിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും വിധേയമായി

I/22794/2024

വോട്ടർപട്ടികയുടെ സംക്ഷിപ്ത പുതുക്കൽ പരിപാടി നടത്താൻ എല്ലാ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരോടും ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരോടും നിർദ്ദേശിച്ച് ഉത്തരവാകുന്നു.

Signed by
Surendran Pillai B
Date: 28-05-2024 18:04:29

Surendran Pillai B
SECRETARY

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും
എല്ലാ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കും
എല്ലാ തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
പകർപ്പ്

1. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് (ആമുഖ കത്ത് സഹിതം)
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
3. എല്ലാ വരണാധികാരികൾ, എല്ലാ തദ്ദേശസ്ഥാപന സെക്രട്ടറിമാർ
4. ടെക്നിക്കൽ ഡയറക്ടർ, NIC
5. സ്റ്റാന്റിംഗ് കൗൺസിൽ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
6. എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും
7. ഐ.ടി സെൽ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ (വെബ്സൈറ്റിൽ ആവശ്യമായ ക്രമീകരണം വരുത്തുന്നതിന്)
8. പി.ആർ.ഒ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ(വാർത്താക്കുറിപ്പ്)
9. കമ്മീഷണറുടെ പി.എസ്
10. സെക്രട്ടറിയുടെ സി.എ

'ജനഹിതം', റ്റി.സി. 27/6(2), വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം 695033,
ഫോൺ :0471-2325048(അഡ്മിനിസ്ട്രേഷൻ ),0471-2337884(ഇലക്ഷൻ )
e-mail:cru.sec@kerala.gov.in,website:www.sec.kerala.gov.in

## അനുബന്ധം

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വോട്ടർപട്ടിക - സംക്ഷിപ്ത പുതുക്കൽ 2024

### മാർഗ്ഗനിർദ്ദേശങ്ങൾ

I. **ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ സ്വീകരിക്കേണ്ട നടപടികൾ**

1. സംക്ഷിപ്ത പുതുക്കൽ സംബന്ധിച്ച് ജില്ലാ തലത്തിൽ രാഷ്ട്രീയ പാർട്ടിപ്രതിനിധികളുടെ യോഗം **2024 ജൂൺ 06** ന് മുമ്പ് വിളിച്ച് ചേർക്കണം.
2. ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ എന്നിവയിലെ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരുടെ യോഗം **2024 ജൂൺ 05** നകം വിളിച്ച് ചേർക്കണം.
3. യോഗാനന്തരം ജില്ലയിലെ പരിശീലനം ലഭിച്ച മാസ്റ്റർ ട്രെയിനർമാർ മുഖേന ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് ആവശ്യമായ പരിശീലനം നൽകണം.
4. തദ്ദേശ സ്ഥാപനങ്ങളിലെ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ, സെക്ഷൻ ക്ലാർക്ക്, ടെക്നിക്കൽ അസിസ്റ്റന്റ് തുടങ്ങിയവർക്കാണ് പരിശീലനം നൽകേണ്ടത്.
5. രാഷ്ട്രീയ പാർട്ടികളുടെയും പൊതുജനങ്ങളുടെയും ശ്രദ്ധയ്ക്കായി വാർത്താക്കുറിപ്പും മറ്റ് പ്രചാരണ പരിപാടികളും സംഘടിപ്പിക്കണം.
6. ജില്ലയിലെ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ കരട് വോട്ടർ പട്ടികയും അന്തിമ വോട്ടർ പട്ടികയും നിർദ്ദേശിച്ചിട്ടുള്ള പ്രകാരം യഥാസമയം പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതും അത് സംബന്ധിച്ച സാക്ഷ്യപത്രം കമ്മീഷനിൽ സമർപ്പിക്കുകയും വേണം.
7. പട്ടിക പുതുക്കലിന്റെ പുരോഗതി ആഴ്ചയിൽ വിലയിരുത്തി കമ്മീഷനെ അറിയിക്കേണ്ടതാണ്.
8. കരട് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള മരണപ്പെട്ടവരുടെയും താമസം മാറിയവരുടെയും പേരുവിവരം ഒഴിവാക്കുന്നതിന് E R O മാർ സ്വമേധയാ നടപടി സ്വീകരിക്കുന്നുണ്ടെന്ന് പ്രത്യേകം ഉറപ്പാക്കേണ്ടതാണ്.

II. **ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ സ്വീകരിക്കേണ്ട നടപടികൾ**

1. വോട്ടർ പട്ടികയുടെ സംക്ഷിപ്ത പുതുക്കൽ പരിപാടിക്ക് പ്രാദേശികമായ പ്രചാരണം നടത്തുന്നതിന് ആവശ്യമായ നടപടികൾ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ സ്വീകരിക്കേണ്ടതാണ്.
2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ രാഷ്ട്രീയപാർട്ടി പ്രതിനിധികളുടെയും തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെയും റെസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികളുടെയും യോഗം തദ്ദേശസ്ഥാപനതലത്തിൽ **2024 ജൂൺ 05** നകം ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ വിളിച്ച് ചേർക്കേണ്ടതാണ്.
3. സംസ്ഥാനത്തെ, ഉപതിരഞ്ഞെടുപ്പുകൾ നടക്കുന്ന 49 വാർഡുകൾ ഉൾപ്പെടെ, എല്ലാ ഗ്രാമപഞ്ചായത്തുകളിലെയും മുനിസിപ്പൽ കൗൺസിലുകളിലെയും മുനിസിപ്പൽ

കോർപ്പറേഷനുകളിലെയും നിലവിലുള്ള വോട്ടർപട്ടിക (അടിസ്ഥാനപട്ടികയും സപ്ലിമെന്ററി പട്ടികകളും സംയോജിപ്പിച്ചത്) **sec.kerala.gov.in** സൈറ്റിൽ ലഭ്യമാക്കും. ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ അവ പരിശോധിച്ച് അപാകതകൾ ഇല്ലായെന്ന് ഉറപ്പാക്കണം.

4. അത്തരത്തിൽ ലഭ്യമാകുന്ന സംയോജിപ്പിച്ച വോട്ടർപട്ടികയുടെ പ്രിന്റ് എടുത്ത് പരിശോധിച്ചുറപ്പാക്കി മൂന്നാം നമ്പർ ഫാറത്തിലെ നോട്ടീസ് സഹിതം **2024 ജൂൺ 06** ന് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ കരടായി പ്രസിദ്ധീകരിക്കണം. കരട് വോട്ടർപട്ടിക പ്രസിദ്ധീകരിച്ചുവെന്ന സാക്ഷ്യപത്രം ഉടൻ തന്നെ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് നല്കണം.
5. കരട് പട്ടിക സംബന്ധിച്ച അവകാശവാദ അപേക്ഷകളും ആക്ഷേപങ്ങളും **ജൂൺ 06 മുതൽ 21 വരെ** സ്വീകരിക്കേണ്ടതും ആവശ്യമായ തുടർനടപടികൾ കൈക്കൊള്ളേണ്ടതുമാണ്.
6. കരട് പട്ടിക പ്രസിദ്ധപ്പെടുത്തിയതിനുശേഷം, പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള മരണപ്പെട്ടവരുടെയും താമസം മാറിയവരുടെയും ഇരട്ടിപ്പുള്ളവരുടെയും പേരുവിവരങ്ങൾ ബന്ധപ്പെട്ട രജിസ്റ്ററുകളും മറ്റും പരിശോധിച്ചും നേരിൽ അന്വേഷിച്ചും പ്രത്യേക ലിസ്റ്റ് തയ്യാറാക്കി **ജൂൺ 10 നോ** അതിന് മുമ്പോ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതും നിശ്ചിത സമയത്തിനകം (7 ദിവസം) ആക്ഷേപങ്ങൾ ലഭിക്കാത്തപക്ഷം അവരുടെ പേരുകൾ കരട് പട്ടികയിൽ നിന്ന് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ സ്വമേധയാ ഒഴിവാക്കേണ്ടതുമാണ്. സാധാരണ താമസക്കാരനല്ലാതായി തീർന്നവരുടെ കാര്യത്തിൽ 7 ദിവസത്തെ ഹീയറിംഗ് നോട്ടീസ് നൽകി വേണം തുടർ നടപടി സ്വീകരിക്കേണ്ടത്.
7. **<u>വോട്ടർപട്ടിക പുതുക്കുന്നതിനുള്ള യോഗ്യതാ തീയതി 01.01.2024 ആണ്.</u>** യോഗ്യതാ തീയതിയായി നിശ്ചയിച്ചിട്ടുള്ള **2024 ജനുവരി 1 ആം** തീയതിയോ **അതിനുമുമ്പോ 18 വയസ് തികഞ്ഞവരെ മാത്രമേ** വോട്ടർ പട്ടികയിൽ ഉൾപ്പെടുത്താൻ പാടുള്ളൂ.
8. വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനും (ഫാറം 4) ഉൾക്കുറിപ്പുകൾ തിരുത്തുന്നതിനും (ഫാറം 6) ഒരു വാർഡിൽ നിന്നോ പോളിംഗ് സ്റ്റേഷനിൽ നിന്നോ സ്ഥാനമാറ്റം വരുത്തുന്നതിനും (ഫാറം 7) **sec.kerala.gov.in** സൈറ്റിൽ അപേക്ഷകൻ ലോഗിൻ ചെയ്ത് ഓൺലൈനായി അപേക്ഷ/ആക്ഷേപം സമർപ്പിക്കണം. ഓൺലൈൻ അപേക്ഷ അയക്കുമ്പോൾ തന്നെ കമ്പ്യൂട്ടർ ജനറേറ്റഡ് ഹിയറിംഗ് നോട്ടീസ് അപേക്ഷകന് ലഭിക്കും (ഫാറം 12, 15, 15എ). അക്ഷയ സെന്റർ തുടങ്ങിയ സർക്കാർ അധികൃത ജനസേവന കേന്ദ്രങ്ങൾ മുഖേനയും അപേക്ഷ സമർപ്പിക്കാവുന്നതാണ്.
9. വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നത് സംബന്ധിച്ചോ പേര് ഒഴിവാക്കുന്നത് സംബന്ധിച്ചോ ഉള്ള ആക്ഷേപങ്ങൾ (ഫാറം 5) ഓൺലൈനായി രജിസ്റ്റർ ചെയ്യുകയും അവയുടെ പ്രിന്റൗട്ടിൽ അപേക്ഷകർ ഒപ്പ് രേഖപ്പെടുത്തി നേരിട്ടോ തപാലിലൂടെയോ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് ലഭ്യമാക്കുകയും വേണം. എന്നാൽ, ഓൺലൈൻ രജിസ്ട്രേഷൻ നടത്താതെ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് നേരിട്ടോ തപാലിലൂടെയോ നൽകുന്ന ഫാറം 5 ലെ ആക്ഷേപങ്ങളും സ്വീകരിക്കേണ്ടതും അവ ERO ഓഫീസിലെ User ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ടതുമാണ്.
10. മേൽപ്പറഞ്ഞ പ്രകാരം ഫാറം 5 ൽ ആക്ഷേപങ്ങൾ ലഭിച്ചാലുടൻ തന്നെ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ ആക്ഷേപകനും ആർക്കെതിരെയാണോ ആക്ഷേപമുള്ളത് അയാൾക്കും തീയതി രേഖപ്പെടുത്തിയ ഹിയറിംഗ് നോട്ടീസ് നൽകണം (ഫാറം 13, 14).
11. ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ ഓരോ ദിവസവും ലഭിക്കുന്ന അപേക്ഷകളുടെയും ആക്ഷേപങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി തന്റെ ഓഫീസിലെ നോട്ടിസ് ബോർഡിൽ പ്രദർശിപ്പിച്ചു പോരേണ്ടതാണ് (ഫാറം 9, 10, 11).
12. ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് ഓൺലൈനായും നേരിട്ടും യഥാവിധി ലഭിക്കുന്ന അപേക്ഷകൾ/ആക്ഷേപങ്ങൾ എന്നിവയിൽ **2024 ജൂൺ 29** നകം അതതുസംഗതിപോലെ ആവശ്യമായ പരിശോധന, അന്വേഷണം, നേർവിചാരണ എന്നിവ നടത്തി നിജസ്ഥിതി ബോധ്യപ്പെട്ടും നടപടിക്രമങ്ങൾ പാലിച്ചും അതുമായിബന്ധപ്പെട്ട തുടർനടപടികൾ

പൂർത്തീകരിക്കേണ്ടതാണ്. ഓരോ അപേക്ഷയിന്മേലും/ ആക്ഷേപത്തിന്മേലുള്ള തീരുമാനം ഉടൻ തന്നെ രേഖാമൂലം ബന്ധപ്പെട്ട അപേക്ഷകരെ അറിയിക്കേണ്ടതാണ്.

13. മേൽപ്പറഞ്ഞ പ്രകാരം തീർപ്പാക്കുന്ന അപേക്ഷകൾ/ആക്ഷേപങ്ങൾ സംബന്ധിച്ച് അതാത് ദിവസം തന്നെ ERMS വെബ് പോർട്ടലിൽ അപ്ഡേഷൻ ചെയ്യേണ്ടതാണ്.
14. ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ അപേക്ഷകളിന്മേൽ/ ആക്ഷേപങ്ങളിന്മേൽ സ്വീകരിക്കുന്ന നടപടിക്കെതിരെ അപേക്ഷകർക്ക് ഉത്തരവ് തീയതി മുതൽ 15 ദിവസത്തിനകം അപ്പീൽ അധികാരിക്ക് അപ്പീൽ നൽകാവുന്നതാണ്. സംക്ഷിപ്ത പുതുക്കലുമായി ബന്ധപ്പെട്ട് ജില്ലയിലെ അപ്പീൽ അധികാരി തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടറാണ്.
15. അപ്പലേറ്റ് അധികാരിയുടെ ഉത്തരവ് പ്രകാരം ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ ആവശ്യമെങ്കിൽ തുടർനടപടി സ്വീകരിക്കേണ്ടതാണ്.
16. അന്തിമ വോട്ടർപട്ടിക **2024 ജൂലൈ 01 ന്** പ്രസിദ്ധീകരിക്കേണ്ടതാണ്. അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിച്ചുവെന്ന സാക്ഷ്യപത്രം ഉടൻ തന്നെ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് നല്കണം.
17. ചുവടെ പട്ടികയിൽ ചേർത്തിട്ടുള്ള 49 തദ്ദേശസ്വയംഭരണ വാർഡുകളിൽ നിലവിലുള്ള ആകസ്മിക ഒഴിവുകൾ ഉപതിരഞ്ഞെടുപ്പിലൂടെ നികത്തുന്നതിന് പ്രസ്തുത വാർഡുകളിൽ അന്തിമമായി പ്രസിദ്ധികരിക്കുന്ന വോട്ടർ പട്ടികയാണ് ഉപയോഗിക്കുന്നത് എന്നതിനാൽ ഉപതിരഞ്ഞെടുപ്പിന് മുന്നോടിയായി ഒരു വോട്ടർ പട്ടിക പുതുക്കുന്നതിന്റെ പ്രാധാന്യവും ഗൗരവവും ഇവിടെ പുതുക്കലിന് നൽകേണ്ടതാണ്. കൂടാതെ, ഉപതിരഞ്ഞെടുപ്പിന് മുന്നോടിയായാണ് ഇവിടെ വോട്ടർ പട്ടിക പുതുക്കുന്നത് എന്ന കാര്യം ഈ വാർഡുകളിലെ സമ്മതിദായകരെ അറിയിക്കുന്നതിനും അവരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും പ്രത്യേക പ്രചാരണം നടത്തേണ്ടതാണ്. **അതോടൊപ്പം ഉപതിരഞ്ഞെടുപ്പ് നടക്കുന്ന, പട്ടികയിൽ ചേർത്തിരിക്കുന്ന 49 വാർഡുകളിൽ പ്രവാസി ഭാരതീയരുടെ വോട്ടർപട്ടിക കൂടി തയ്യാറാക്കേണ്ടതാണ്.**
18. കരട് വോട്ടർപട്ടികയുടെയും അന്തിമ വോട്ടർപട്ടികയുടെയും രണ്ടു പകർപ്പുകൾ വീതം ദേശീയ പാർട്ടികൾക്കും അംഗീകൃത കേരള സംസ്ഥാന പാർട്ടികൾക്കും 1968 ലെ Election Symbols(Reservation And Allotment) Order-ൻറെ പത്താം ഖണ്ഡിക പ്രകാരം കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ കേരള സംസ്ഥാനത്ത് പ്രത്യേകം തിരഞ്ഞെടുപ്പ് ചിഹ്നം അനുവദിച്ചിട്ടുള്ള മറ്റ് രാഷ്ട്രീയ പാർട്ടികൾക്കും സൗജന്യമായി നൽകേണ്ടതാണ് .
19. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് മത്സരിക്കുന്നതിന് കമ്മീഷൻ കാലാകാലങ്ങളിൽ അയോഗ്യത കൽപ്പിച്ചവരുടെ പേരുകൾക്ക് നേരെ പ്രത്യേക അടയാളം (*) രേഖപ്പെടുത്തേണ്ടതാണ്.
20. വോട്ടർപട്ടികയുടെ പുതുക്കലുമായി ബന്ധപ്പെട്ട് ലഭിക്കുന്ന എല്ലാ അപേക്ഷകളിലും ആക്ഷേപങ്ങളിലും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ തീരുമാനങ്ങൾ രേഖപ്പെടുത്തി ബന്ധപ്പെട്ട എല്ലാ രേഖകളും സൂക്ഷിക്കേണ്ടതും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഏതു സമയത്തുമുള്ള പരിശോധനകൾക്കും അവ വിധേയമാക്കേണ്ടതുമാണ്.
21. സ്വതന്ത്രവും നീതിപൂർവ്വകവും നിഷ്പക്ഷവുമായ തിരഞ്ഞെടുപ്പ്, വോട്ടർപട്ടികയുടെ കൃത്യതയെ ആശ്രയിച്ചിരിക്കുന്നതിനാൽ അനർഹരായ വോട്ടർമാർ വോട്ടർപട്ടികയിൽ ഉൾപ്പെട്ടിട്ടില്ലായെന്നും അർഹരായ വോട്ടർമാർ ഒഴിവാക്കപ്പെട്ടിട്ടില്ലായെന്നും ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർ ഉറപ്പുവരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഔദ്യോഗിക കർത്തവ്യലംഘനം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 28 ആം വകുപ്പോ1994 , ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 84എ വകുപ്പോ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**III. തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ (അപ്പീൽ അധികാരി) സ്വീകരിക്കേണ്ട നടപടികൾ**

I/22794/2024

1. വോട്ടർപട്ടിക പുതുക്കലുമായി ബന്ധപ്പെട്ട് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരുടെ തീരുമാനത്തിനെതിരെ നിശ്ചിത സമയത്തിനകവും രീതിയിലും ലഭിക്കുന്ന അപ്പീലുകൾ സ്വീകരിച്ച് ആവശ്യമായ നേർവിചാരണ / അന്വേഷണം നടത്തി ഉചിത നടപടി സ്വീകരിക്കേണ്ടതാണ്. ഉപതിരഞ്ഞെടുപ്പുകൾ നടക്കുന്ന വാർഡുകളിൽ, ഉപതിരഞ്ഞെടുപ്പിന് മുന്നോടിയായി ഒരു അപ്പീൽ തീർപ്പാക്കുന്ന സമയ പരിധി പാലിച്ചും ഗൗരവത്തിലും അപ്പീൽ തീർപ്പാക്കേണ്ടതും തീർപ്പ് ബന്ധപ്പെട്ട ഇലക്ടറൽ രേജിസ്ട്രേൻ ഓഫീസറെ താമസം വിനാ അറിയിക്കേണ്ടതുമാണ്.
2. അത്തരത്തിൽ സ്വീകരിക്കുന്ന നടപടി വിവരങ്ങൾ ഉടൻ തന്നെ ബന്ധപ്പെട്ട അപേക്ഷകനെയും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറെയും രേഖാമൂലം അറിയിക്കേണ്ടതാണ്.

IV.**വോട്ടർ പട്ടിക പുതുക്കുന്നതിനുള്ള സമയക്രമം**

കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിക്കൽ : **06.06.2024 (വ്യാഴം)**

അപേക്ഷകളും ആക്ഷേപങ്ങളും സ്വീകരിക്കുന്ന

അവസാന തീയതി : **21.06.2024 (വെള്ളി, 5 pm വരെ)**

ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ

തുടർ നടപടി സ്വീകരിച്ച് അപ്ഡേഷൻ

പൂർത്തിയാക്കൽ : **29.06.2024 (ശനി)**

അന്തിമവോട്ടർ പട്ടിക പ്രസിദ്ധീകരിക്കൽ : **01.07.2024 (തിങ്കൾ)**

V. **പട്ടിക**

**ഉപതിരഞ്ഞെടുപ്പിന് പുതുക്കൽ ആവശ്യമുള്ള വാർഡുകൾ**

| ക്രമ നമ്പർ | ജില്ല | തദ്ദേശ സ്ഥാപനത്തിന്റെ നമ്പറും പേരും | ഉപതിരഞ്ഞെടുപ്പ് നടത്തുന്ന നിയോജക മണ്ഡലത്തിന്റെ/ വാർഡിന്റെ നമ്പരും പേരും | സംവരണം | ഉപതിരഞ്ഞെടുപ്പിനായി പട്ടിക പുതുക്കേണ്ട വാർഡുകൾ |
|---|---|---|---|---|---|
| | | | | | ജി.33 വെള്ളനാട് ഗ്രാമപഞ്ചായത്തിലെ 2 മുതൽ 18 വരെ വാർഡുകൾ<br>ജി.34 പൂവച്ചൽ |

I/22794/2024

| | | | | | |
|---|---|---|---|---|---|
| 1. | തിരുവനന്തപുരം | ഡി.01 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് | 09-വെള്ളനാട് | ജനറൽ | ഗ്രാമപഞ്ചായത്തിലെ 1-ാം വാർഡ് ജി.40 കരകുളം ഗ്രാമപഞ്ചായത്തിലെ 9, 10, 11 വാർഡുകൾ ജി.41 അരുവിക്കര ഗ്രാമപഞ്ചായത്തിലെ 1 മുതൽ 20 വരെ വാർഡുകൾ |
| 2. | തിരുവനന്തപുരം | എം.03 ആറ്റിങ്ങൽ മുനിസിപ്പൽ കൗൺസിൽ | 22-ചെറുവള്ളിമുക്ക് | സ്ത്രീ | 22-ചെറുവള്ളിമുക്ക് |
| 3. | തിരുവനന്തപുരം | എം.03 ആറ്റിങ്ങൽ മുനിസിപ്പൽ കൗൺസിൽ | 28-തോട്ടവാരം | സ്ത്രീ | 28-തോട്ടവാരം |
| 4. | തിരുവനന്തപുരം | ജി.50 പെരിങ്ങമല ഗ്രാമപഞ്ചായത്ത് | 15-കരിമൻകോട് | ജനറൽ | 15-കരിമൻകോട് |
| 5. | തിരുവനന്തപുരം | ജി.50 പെരിങ്ങമല ഗ്രാമപഞ്ചായത്ത് | 19-മടത്തറ | പട്ടികജാതി | 19-മടത്തറ |
| 6. | തിരുവനന്തപുരം | ജി.50 പെരിങ്ങമല ഗ്രാമപഞ്ചായത്ത് | 18-കൊല്ലായിൽ | ജനറൽ | 18-കൊല്ലായിൽ |
| 7. | തിരുവനന്തപുരം | ജി.54 കരവാരം ഗ്രാമപഞ്ചായത്ത് | 12-പട്ടള | സ്ത്രീ | 12-പട്ടള |
| 8. | തിരുവനന്തപുരം | ജി.54 കരവാരം ഗ്രാമപഞ്ചായത്ത് | 16-ചാത്തമ്പാറ | പട്ടികജാതി സ്ത്രീ | 16-ചാത്തമ്പാറ |
| 9. | കൊല്ലം | ജി.06 തൊടിയൂർ ഗ്രാമപഞ്ചായത്ത് | 01-പുലിയൂർ വഞ്ചിവെസ്റ്റ് | ജനറൽ | 01-പുലിയൂർ വഞ്ചിവെസ്റ്റ് |
| 10. | കൊല്ലം | ജി.09 ശൂരനാട് ഗ്രാമപഞ്ചായത്ത് | 13-കുമരംചിറ | ജനറൽ | 13-കുമരംചിറ |
| 11. | കൊല്ലം | ജി.31 കരവാളൂർ ഗ്രാമപഞ്ചായത്ത് | 10-കരവാളൂർ ഠൗൺ | ജനറൽ | 10-കരവാളൂർ ഠൗൺ |
| 12. | കൊല്ലം | ജി.35 പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് | 05-കാഞ്ഞിരംപാറ | സ്ത്രീ | 05-കാഞ്ഞിരംപാറ |
| 13. | പത്തനംതിട്ട | ബി.28 കോന്നി ബ്ലോക്ക് പഞ്ചായത്ത് | 13-ഇളകൊള്ളൂർ | സ്ത്രീ | ജി.35 കോന്നി ഗ്രാമപഞ്ചായത്തിലെ 17, 18 വാർഡുകൾ ജി.37 പ്രമാടം ഗ്രാമപഞ്ചായത്തിലെ 4, 5, 6, 7, 9 വാർഡുകൾ |
| 14. | പത്തനംതിട്ട | ജി.31 ചിറ്റാർ ഗ്രാമപഞ്ചായത്ത് | 02-പന്നിയാർ | ജനറൽ | 02-പന്നിയാർ |
| 15. | പത്തനംതിട്ട | ജി.50 ഏഴംകുളം ഗ്രാമപഞ്ചായത്ത് | 04-ഏഴംകുളം | പട്ടികജാതി | 04-ഏഴംകുളം |
| 16. | ആലപ്പുഴ | ജി.37 രാമങ്കരി ഗ്രാമപഞ്ചായത്ത് | 13-വേഴപ്രപടിഞ്ഞാറ് | ജനറൽ | 13-വേഴപ്രപടിഞ്ഞാറ് |
| 17. | ആലപ്പുഴ | ജി.39 ചെറിയനാട് ഗ്രാമപഞ്ചായത്ത് | 04-അരിയന്നൂർശ്ശേരി | ജനറൽ | 04-അരിയന്നൂർശ്ശേരി |
| 18. | | ജി.59 മാന്നാർ | | | |

I/22794/2024

| | | | | | |
|---|---|---|---|---|---|
| | ആലപ്പുഴ | ഗ്രാമപഞ്ചായത്ത് | 11-കുട്ടംപേരൂർ എ | ജനറൽ | 11-കുട്ടംപേരൂർ എ |
| 19. | കോട്ടയം | ജി.02 ചെമ്പ് ഗ്രാമപഞ്ചായത്ത് | 01-കാട്ടിക്കുന്ന് | പട്ടികജാതി സ്ത്രീ | 01-കാട്ടിക്കുന്ന് |
| 20. | കോട്ടയം | ജി.70 പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് | 20-പൂവൻതുരുത്ത് | സ്ത്രീ | 20-പൂവൻതുരുത്ത് |
| 21. | കോട്ടയം | ജി.54 വാകത്താനം ഗ്രാമപഞ്ചായത്ത് | 11-പൊങ്ങന്താനം | സ്ത്രീ | 11-പൊങ്ങന്താനം |
| 22. | ഇടുക്കി | എം.20 തൊടുപുഴ മുനിസിപ്പൽ കൗൺസിൽ | 09-പെട്ടനാട് | ജനറൽ | 09-പെട്ടനാട് |
| 23. | ഇടുക്കി | ബി.58 ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് | 06-തോപ്രാംകുടി | സ്ത്രീ | ജി.30 വാത്തിക്കുടി ഗ്രാമപഞ്ചായത്തിലെ 10, 11, 12, 13, 14, 17 വാർഡുകൾ |
| 24. | ഇടുക്കി | ജി.20 ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് | 08-പാറത്തോട് | പട്ടികജാതി | 08-പാറത്തോട് |
| 25. | ഇടുക്കി | ജി.31 അറക്കുളം ഗ്രാമപഞ്ചായത്ത് | 06-ജലന്ധർ | ജനറൽ | 06-ജലന്ധർ |
| 26. | എറണാകുളം | ജി.05 ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് | 08-തോപ്പ് | പട്ടികജാതി | 08-തോപ്പ് |
| 27. | എറണാകുളം | ജി.25 വാഴക്കുളം ഗ്രാമപഞ്ചായത്ത് | 08-മുടിക്കൽ | ജനറൽ | 08-മുടിക്കൽ |
| 28. | എറണാകുളം | ജി.27 ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത് | 09-കൊടികുത്തുമല | ജനറൽ | 09-കൊടികുത്തുമല |
| 29. | തൃശ്ശൂർ | ബി.89 വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് | 07-കൊമ്പത്തുകടവ് | സ്ത്രീ | ജി.75 പുത്തൻചിറ ഗ്രാമപഞ്ചായത്തിലെ 9, 10, 11, 12, 13, 14 വാർഡുകൾ |
| 30. | തൃശ്ശൂർ | ജി.17 മുള്ളൂർക്കര ഗ്രാമപഞ്ചായത്ത് | 11-വണ്ടിപ്പറമ്പ് | ജനറൽ | 11-വണ്ടിപ്പറമ്പ് |
| 31. | തൃശ്ശൂർ | ജി.39 പാവറട്ടി ഗ്രാമപഞ്ചായത്ത് | 01-കാളാനി | വനിത | 01-കാളാനി |
| 32. | പാലക്കാട് | ബി.101 കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് | 02-പാലത്തുള്ളി | സ്ത്രീ | ജി.69 പെരുവമ്പ ഗ്രാമപഞ്ചായത്തിലെ 1, 2, 3, 4, 5, 6, 7, 8, 10, 11 വാർഡുകൾ |
| 33. | പാലക്കാട് | ജി.38 തച്ചമ്പാറ ഗ്രാമപഞ്ചായത്ത് | 05-മുണ്ടമ്പലം | ജനറൽ | 05-മുണ്ടമ്പലം |
| 34. | പാലക്കാട് | ജി.42 ഷോളയൂർ ഗ്രാമപഞ്ചായത്ത് | 01-കോട്ടത്തറ | പട്ടികവർഗ്ഗം | 01-കോട്ടത്തറ |
| 35. | പാലക്കാട് | ജി.48 മങ്കര ഗ്രാമപഞ്ചായത്ത് | 04-കൂരാത്ത് | സ്ത്രീ | 04-കൂരാത്ത് |
| 36. | പാലക്കാട് | ജി.67 പുതുനഗരം ഗ്രാമപഞ്ചായത്ത് | 02-തെക്കത്തിവട്ടാരം | ജനറൽ | 02-തെക്കത്തിവട്ടാരം |
| 37. | മലപ്പുറം | ജി.52 കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്ത് | 17-കുട്ടിലങ്ങാടി | സ്ത്രീ | 17-കുട്ടിലങ്ങാടി |
| 38. | | എം.45 മലപ്പുറം | | | |

I/22794/2024

| | | | | | |
|---|---|---|---|---|---|
| | മലപ്പുറം | മുനിസിപ്പൽ കൗൺസിൽ | 39-പൊടിയാട് | ജനറൽ | 39-പൊടിയാട് |
| **39.** | മലപ്പുറം | ജി.81 മൂന്നിയൂർ ഗ്രാമപഞ്ചായത്ത് | 02-വെള്ളായിപ്പാടം | സ്ത്രീ | 02-വെള്ളായിപ്പാടം |
| **40.** | മലപ്പുറം | ജി.93 വട്ടംകുളം ഗ്രാമപഞ്ചായത്ത് | 14-എടപ്പാൾ ചുങ്കം | ജനറൽ | 14-എടപ്പാൾ ചുങ്കം |
| **41.** | കോഴിക്കോട് | ബി.121 തൂണേരി ബ്ലോക്ക് പഞ്ചായത്ത് | 02-പാറക്കടവ് | പട്ടികജാതി | ജി.05 ചെക്യാട് ഗ്രാമപഞ്ചായത്തിലെ 1, 2, 12, 13, 14, 15 വാർഡുകൾ ജി.07 തൂണേരി ഗ്രാമപഞ്ചായത്തിലെ 2, 3, 4 വാർഡുകൾ |
| **42.** | കോഴിക്കോട് | ജി.60 ഓമശ്ശേരി ഗ്രാമപഞ്ചായത്ത് | 17-മങ്ങാട് ഈസ്റ്റ് | സ്ത്രീ | 17-മങ്ങാട് ഈസ്റ്റ് |
| **43.** | കോഴിക്കോട് | ജി.63 കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് | 03-മാട്ടുമുറി | ജനറൽ | 03-മാട്ടുമുറി |
| **44.** | കണ്ണൂർ | എം.55 തലശ്ശേരി മുനിസിപ്പാലിറ്റി | 18-പെരിങ്കളം | ജനറൽ | 18-പെരിങ്കളം |
| **45.** | കണ്ണൂർ | ജി.12 കാങ്കോൽ ആലപ്പടമ്പ ഗ്രാമപഞ്ചായത്ത് | 07-ആലക്കാട് | സ്ത്രീ | 07-ആലക്കാട് |
| **46.** | കണ്ണൂർ | ജി.31 പടിയൂർ കല്ല്യാട് ഗ്രാമപഞ്ചായത്ത് | 01-മണ്ണേരി | സ്ത്രീ | 01-മണ്ണേരി |
| **47.** | കാസർഗോഡ് | എം.59 കാസർഗോഡ് മുനിസിപ്പൽ കൗൺസിൽ | 24-ഖാസിലേൻ | ജനറൽ | 24-ഖാസിലേൻ |
| **48.** | കാസർഗോഡ് | ജി.17 മൊഗ്രൽ പുത്തൂർ ഗ്രാമപഞ്ചായത്ത് | 03-കോട്ടക്കുന്ന് | സ്ത്രീ | 03-കോട്ടക്കുന്ന് |
| **49.** | കാസർഗോഡ് | ജി.17 മൊഗ്രൽ പുത്തൂർ ഗ്രാമപഞ്ചായത്ത് | 14കല്ലങ്കൈ- | പട്ടികജാതി | 14കല്ലങ്കൈ- |